**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം- ജീവനക്കാര്യം - വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ബ്ലോക്കിൽ പ്പെട്ട മാനിക്കുനി പണിയ പട്ടികവർഗ്ഗ കോളനിയിൽ നടപ്പിലാക്കിയ ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സുൽത്താൻ ബത്തേരി ബ്ലോക്കിലെ ബ്ലോക്ക് ഡവലപ് മെന്റ് ഓഫീസർ ശ്രീ.കെ.ദിവാകരൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ ടി.യു.പ്രിൻസ് എന്നിവർക്കെതിരെ സ്വീകരിച്ചിട്ടുള്ള അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (സാധാ)നമ്പർ.2363 /2015/തസ്വഭവ, തിരുവനന്തപുരം, തീയതി,01.08.2015

---

പരാമർശം :- 1. വിജിലൻസ് ഡയറക്ടറുടെ 09.07.2013 തീയതിയിലെ E11(SC-43/2012/WYD) 32050/2012 നമ്പർ കത്ത്.

2. സർവ്വശ്രീ.കെ.ദിവാകരൻ, ബ്ലോക്ക് ഡവലപ് മെന്റ് ഓഫീസർ, സുൽത്താൻ ബത്തേരി, ടി.യു.പ്രിൻസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സുൽത്താൻ ബത്തേരി ബ്ലോക്ക് എന്നിവർക്ക് 12.12.2013 തീയതിയിൽ നൽകിയ 64482/ഇആർബി1/2013/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

3. സർവ്വശ്രീ.കെ.ദിവാകരൻ, ബ്ലോക്ക് ഡവലപ് മെന്റ് ഓഫീസർ,സുൽത്താൻ ബത്തേരി, ടി.യു.പ്രിൻസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സുൽത്താൻ ബത്തേരി ബ്ലോക്ക് എന്നിവർ യഥാക്രമം 14.02.2014, 26.04.2014 എന്നീ തീയതികളിൽ സമർപ്പിച്ച പ്രതിവാദപത്രികകൾ.

4. ഗ്രാമവികസന കമ്മീഷണറുടെ 01.11.2014 തീയതിയിലെ 523/എസ്റ്റാഎ 4/2014/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ബ്ലോക്കിൽ പ്പെട്ട മാനിക്കുനി പണിയ കോളനിയിൽ നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതിയിലെ

ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ വയനാട് യൂണിറ്റ് സർപ്രൈസ് ചെക്ക് നടത്തി പരാമർശം (1) പ്ര കാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള ക്രമക്കേടുകൾക്ക് ഉത്തരവാദികളായ സുൽത്താൻ ബത്തേരി ബ്ലോക്ക് ഡവലപ് മെന്റ് ഓഫീസർ ശ്രീ.കെ.ദിവാകരൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.ടി.യു.പ്രിൻസ് എന്നിവർക്ക് പരാമർശം (2) പ്രകാരം കുറ്റപത്രവും, കുറ്റാരോപണ പത്രികയും നൽകുകയും, ആയതിന് ടി ഉദ്യോഗസ്ഥർ പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയുമുണ്ടായി.

ശ്രീ.ടി.യു.പ്രിൻസ്, വി.ഇ.ഒ. സുൽത്താൻ ബത്തേരി സമർപ്പിച്ച പ്രതിവാദപത്രികയിൽ, ഭവന നിർമ്മാണ പ്രവർത്തിയുടെ എഗ്രമെന്റിൽ പ്രവർത്തി പൂർത്തീകരിച്ച് തീയതി രേഖപ്പെടുത്തിയിട്ടില്ലാത്തതിന് ടിയാൻ ഉത്തരവാദിയല്ലെന്നും, എഗ്രിമെന്റ് വച്ചിട്ടുള്ളതിൽ ടിയാന് പങ്കില്ലെന്നും, ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതിയുടെ ചട്ടങ്ങൾ പ്രകാരം നിർമ്മാണത്തിന് പ്ലാനും എസ്റ്റിമേറ്റും ആവശ്യമില്ലെന്നും വീടിന്റെ അനുവദനീയമായ തറ വിസ്തീർണ്ണം $30M^2$-$60M^2$ വരെയാണെന്നും, ഗുണഭോക്താവിന് ടി വിസ്തീർണ്ണ പരിധിയിൽ വരുന്ന വീട് തെരഞ്ഞെടുത്ത് നിർമ്മിക്കാവുന്നതാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ ക്രമക്കേട് ഒന്നും തന്നെയില്ലെന്നും, ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ നൽകിയ എല്ലാ പെയ്മെന്റിനും മുമ്പായി ടിയാൻ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുള്ളതായും ഇതു സംബന്ധിച്ച് വിജിലൻസിന്റെ ആരോപണം അടിസ്ഥാനരഹിതമാണെന്നും, ഭവന നിർമ്മാണത്തിലെ വിവിധ ഘട്ടങ്ങളിലുള്ള യഥാർത്ഥമായ സ്റ്റേജ് സർട്ടിഫിക്കറ്റുകളാണ് ടിയാൻ നൽകിയിട്ടുള്ളതെന്നും ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതിയുടെ പുതുക്കിയ നിയമാവലി പ്രകാരം ആദ്യ ഗഡു അനുവദിക്കുന്നതു മുതൽ രണ്ട് വർഷങ്ങൾക്കുള്ളിൽ പണി പൂർത്തിയാക്കുന്നതിനുള്ള കാലാവധി 3 വർഷമായി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും, ആയതിനാൽ തന്നെ 1 വർഷത്തിനുള്ളിൽ പണി പൂർത്തീകരിച്ചിട്ടില്ല എന്ന ആരോപണം ഉദിക്കുന്നില്ലായെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്.

ശ്രീ.കെ.ദിവാകരനെതിരെയുള്ള കുറ്റാരോപണ പത്രികയിൽ പദ്ധതിയുടെ ആകെത്തുക വീടൊന്നിന് 2,50,000/- എന്ന് സൂചിപ്പിച്ചിട്ടുള്ളത് ശരിയല്ലെന്നും, പ്രസ്തുത തുക 1,25,000/- മാത്രമാണെന്നും ജി.ഒ.(എം.എസ്) നമ്പർ 3/2012/തസ്വഭവ പ്രകാരം ഭവന നിർമ്മാണത്തിനുള്ള യൂണിറ്റ് കോസ്റ്റ് 2,50,000/- രൂപയായി 15.09.2011 തീയതി മുതൽ മുൻകാല പ്രാബല്യത്തോടു കൂടി വർദ്ധിപ്പിച്ചിരുന്നെങ്കിലും, മേൽ പദ്ധതി മേൽ തീയതിക്കു മുമ്പ് തന്നെ ആരംഭിച്ചു കഴിഞ്ഞതിനാൽ വർദ്ധിപ്പിച്ച നിരക്ക് ഇവിടെ പ്രസക്തമല്ലെന്നും, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ശുപാർശയോടു കൂടി മാത്രമാണ് ശ്രീമതി.വെള്ളച്ചി, ശ്രീമതി.ബിന്ദു, ശ്രീ.ഓണൻ, ശ്രീ.ഗോപാലൻ

എന്നിവർക്ക് പേമെന്റ് അനുവദിച്ചിട്ടുള്ളതെന്നും, ഒരു ഗുണഭോക്താവിനു പോലും ഒരോ സ്റ്റേജും പൂർത്തീകരിക്കുന്നതിനു മുമ്പ് അഡ്വാൻസ് നൽകിയിട്ടില്ലെന്നും, വീടുകളെല്ലാം തന്നെ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും ശ്രീ.കെ.ദിവാകരൻ, സമർപ്പിച്ച പ്രതിവാദപത്രികയിൽപ്പറയുന്നു.

ടി ഉദ്യോഗസ്ഥരുടെ പ്രതിവാദപത്രികകളിന്മേൽ പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സുൽത്താൻ ബത്തേരി ബ്ലോക്കിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.റ്റി.യു.പ്രിൻസ് ചില സ്റ്റേജ് സർട്ടിഫിക്കറ്റുകൾ തീയതി ഇല്ലാതെ നൽകിയതായി കാണുന്നുണ്ടെങ്കിലും, അവയിൽ ടിയാൻ ഒപ്പ് വെച്ചിട്ടുള്ളതായി കാണുന്നുവെന്നും, ടിയാൻ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ യഥാർത്ഥ സ്ഥിതിയാണ് സർട്ടിഫിക്കറ്റുകളിൽ പറഞ്ഞിട്ടുള്ളതെന്നതിനാൽ തെറ്റായ സർട്ടിഫിക്കറ്റുകൾ നൽകിയതായി കാണുവാൻ കഴിയുന്നില്ലെന്നും, ഇന്ദിരാ ആവാസ് യോജന ഭവന നിർമ്മാണ പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് പ്രത്യേകമായി പ്ലാനോ എസ്റ്റിമേറ്റോ പറഞ്ഞിട്ടില്ലാത്തതിനാൽ ആയതിന് ടിയാൻ ഉത്തരവാദിയല്ലെന്നും, കൂടാതെ ഒരു പൂർത്തിയാകാത്ത വീടിനും പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകിയിട്ടില്ലെന്നും 02.01.2012 ലെ 3/2012/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾക്ക് അനുവദിച്ച അധിക തുക നൽകേണ്ടത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ഉത്തരവാദിത്തമല്ലെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൂടാതെ, ശ്രീ.കെ.ദിവാകരൻ, ബ്ലോക്ക് ഡവലപ് മെന്റ് ഓഫീസർ ആയിരുന്ന കാലയളവിലല്ല പ്രസ്തുത ഗുണഭോക്താക്കൾ എഗ്രിമെന്റ് വെച്ചിട്ടുള്ളതെന്നും എഗ്രിമെന്റ് വെയ്ക്കുന്ന സമയത്താണ് പൂർത്തീകരിക്കേണ്ടുന്ന തീയതി രേഖപ്പെടുത്തേണ്ടതെന്നും, എഗ്രിമെന്റിൽ പൂർത്തീകരിക്കേണ്ടുന്ന തീയതി രേഖപ്പെടുത്താത്തതിന് ടിയാൻ ഉത്തരവാദിയല്ലെന്നും, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശുപാർശ ചെയ്യാതെ യാതൊരു തുകയും ടിയാൻ നൽകിയിട്ടില്ലെന്നും, പ്രസ്തുത ഗുണഭോക്താക്കളെല്ലാം ഭവന നിർമ്മാണം മിക്കവാറും പൂർത്തിയാക്കിയിട്ടുണ്ടെന്നും, ശ്രീ.കെ.ദിവാകരനും ശ്രീ.റ്റി.യു.പ്രിൻസും എന്തെങ്കിലും ക്രമക്കേട് നടത്തിയതായോ, അവരുടെ ചുമതലകളും ഉത്തരവാദിത്തവും നിറവേറ്റാതിരുന്നതായോ കാണുന്നില്ലെന്നും സംഭവിച്ചിട്ടുള്ള ചെറിയ വീഴ്ചകൾ മാപ്പാക്കാവുന്നതാണെന്നും ഗ്രാമവികസന കമ്മീഷണർ അഭിപ്രായപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേല്പറഞ്ഞ വീടുകൾ പണിയുന്നതിന് എഗ്രിമെന്റ് വച്ചത് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ ശ്രീ.കെ.ദിവാകരൻ അല്ലെങ്കിലും, മൂന്നു വർഷങ്ങൾക്കകം പണി പൂർത്തീകരിക്കണം എന്നുള്ള ഉത്തരവ് ഉണ്ടായിരിക്കെ ടി വീടുകൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ ബി.ഡി.ഒ. ത്വരിതപ്പെടുത്തിയതായി കാണുന്നില്ല. ടി വീടുകളുടെ പണി എത്രയും വേഗം പൂർത്തീകരിക്കണമെന്ന് 11.12.2013-ലെ സർക്കാർ കത്ത് പ്രകാരം

363

ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും എല്ലാ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർണ്ണമായും പൂർത്തിയാക്കിയതായി ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടില്ല. അതു പോലെ ശ്രീ.ടി.യു.പ്രിൻസ്, ശ്രീ.കെ.ദിവാകരൻ എന്നിവർ ഹാജരാക്കിയിരിക്കുന്ന സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ പകർപ്പുകളിൽ പലതിലും വിജിലൻസ് റിപ്പോർട്ടിൽ പറയും പ്രകാരം ബി.ഡി.ഒ.യും വി.ഇ.ഒ.യും തീയതി രേഖപ്പെടുത്തിയതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ മേൽ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ബി,ഡി.ഒ, ശ്രീ.കെ.ദിവാകരൻ, വി.ഇ.ഒ ശ്രീ.റ്റി.യു.പ്രിൻസ് എന്നിവർക്കെതിരെ സ്വീകരിച്ചിരുന്ന, അച്ചടക്ക നടപടി ടി ഉദ്യോഗസ്ഥരുടെ ഓരോ വാർഷിക ഇൻക്രിമെന്റുകൾ ഒരു വർഷത്തേയ്ക്ക് വീതം തടഞ്ഞു കൊണ്ട് തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

റ്റി.ജെ. ഉണ്ണികൃഷ്ണൻ
അണ്ടർ സെക്രട്ടറി

കെ.ദിവാകരൻ, ബ്ലോക്ക് ഡവലപ് മെന്റ് ഓഫീസർ,
സുൽത്താൻ ബത്തേരി ബ്ലോക്ക്.

ടി.യു.പ്രിൻസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,
സുൽത്താൻ ബത്തേരി ബ്ലോക്ക്.

(ഗ്രാമവികസന കമ്മീഷണർ മുഖേന)

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, കോഴിക്കോട്
അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരള, കോഴിക്കോട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിജിലൻസ് വകുപ്പ്(5/09/2013 തിയതിയിലെ 8995/E3/2013/Vig നമ്പർ കത്ത് പ്രകാരം)
ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ